

# POILKAVE HIGHER SECONDARY SCHOOL

## LITTLE KITES

# ഇ - ദളം

## DIGITAL MAGAZINE

# പൊയിൽക്കാവ്

## എച്ച്.എസ്.എസ്



## ആമുഖം

1957മുതൽ പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം വടകരവിദ്യാഭ്യാസ ജില്ലയിലെ കൊയിലാണ്ടി ഉപജില്ലയിലെ ചെങ്ങോട്ട്കാവ്ഗ്രാമപഞ്ചായത്തിലാണ്.പ്രസിദ്ധമായ പൊയിൽക്കാവ് ഭഗവതി ക്ഷേത്രത്തിനും പടിഞ്ഞാറെക്കാവ് ഭഗവതി ക്ഷേത്രത്തിനും ഇടയിലാണ് പൊയിൽക്കാവ് ഹയർ സെക്കന്ററി സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്.പ്രകൃതി സൗന്ദര്യം നിറഞ്ഞുനിൽക്കുന്ന കാവിനോട് ചേർന്നാണ് സ്ക്കൂൾ കെട്ടിടം നിലനിൽക്കുന്നത്.പഠന കാര്യങ്ങളിലെന്നപോലെ പാഠ്യേതര പ്രവർത്തനങ്ങളിലും ആദ്യകാലത്തും ഇപ്പോഴും ഊന്നൽ നൽകികൊണ്ടാണ് ഈ വിദ്യാലയത്തിന്റെ പ്രവർത്തന ശൈലി.



# ചരിത്രം




കലാകായിക രംഗങ്ങളിലും അക്കാദമിക രംഗത്തും മികവുപുൽത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിലും പി ടി എ ശ്രദ്ധിക്കാറുണ്ട്. അരനൂറ്റാണ്ട് മുമ്പ് വളരെ പിന്നോക്കാവസ്ഥയിലായിരുന്ന ഈ ഗ്രാമത്തിൽ എടുത്തുപറയാവുന്ന വായനശാലകളോ സാംസ്കാരിക കേന്ദ്രങ്ങളോ ഉണ്ടായിരുന്നില്ല. ഈ സാമൂഹിക അവസ്ഥയിലാണ് ചേമഞ്ചേരി എഡ്യുക്കേഷൻ സൊസൈറ്റി പിറവി എടുത്ത് ഹൈസ്ക്കൂളിന് അനുമതി നേടിയെടുക്കുന്നത്. പൊയിൽക്കാവ് യു പി സ്ക്കൂൾ മാനേജർ കെ രാമൻ കിടാവ് , ആര്യവൈദ്യൻ കെ രാഘവൻ കിടാവ് ,പൊറ്റമ്മൽ ശങ്കുണ്ണി നമ്പീശൻ , ഇ. കുഞ്ഞപ്പ നായര് എന്നിവരായിരുന്നു കമ്മിറ്റി അംഗങ്ങൾ ഇവരിൽ കെ രാഘവൻ കിടാവ് മാനേജിംഗ് കമ്മിറ്റിയുടെ കറസ്പോണ്ടന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടു.




പൊയിൽക്കാവ് യു പി സ്ക്കൂൾ കെട്ടിടത്തിലാണ് ഹൈസ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത്. പറശ്ശിനിക്കടവ് ഹൈസ്ക്കൂൾ അദ്ധ്യാപകനായിരുന്ന പി കെ ഗോപിനാഥ് ആദ്യത്തെ ഹെഡ്മാസ്റ്റർ ആയി നിയമിക്കപ്പെട്ടു. കേരള ഗവർണ്ണർ ആയിരുന്ന ബി രാമകൃഷ്ണറാവു 1959 ൽ ഹൈസ്ക്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തു.

ഇപ്പോൾ ഈ സ്ക്കൂൾ പ്രവർത്തിച്ചുവരുന്നത് വടകര ആസ്ഥാനമായ നവരത്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലാണ്. സ്കൂളിന്റെ ഇപ്പോഴത്തെ മാനേജർ ആർ രാമാനന്ദനും ഹെഡ് മാസ്റ്റർ സുനിൽ കുമാർ കെ യുമാണ്.നിലവിലുള്ള പി ടി എ പ്രസിഡന്റ് രാഗേഷ് ആണ്.60വർഷം മുമ്പ് പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം പാഠ്യ,പാഠ്യേതര രംഗത്ത് ഇപ്പോഴും അതിന്റെ മികവ് നിലനിർത്തി വരുന്നു. കലകായിക മത്സരങ്ങളിൽ സംസ്ഥാന തലത്തിലും ദേശീയ തലത്തിലും തന്നെ വിജയികളാകാൻ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ വിദ്യാലയത്തിലെ അക്ഷരമുറ്റം കടന്ന് സമൂഹത്തിന്റെ വിവിധ മേഖലകളിൽ നേട്ടങ്ങൾ കൊയ്തെടുത്ത വിദ്യാർത്ഥികൾ നിരവധിയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യം നിറവേറ്റാനും പുതിയ അധ്യയന വർഷത്തിൽ ഏറ്റവും മികച്ച വിദ്യാലയമായി നമ്മുടെ വിദ്യാലയത്തെ ഉയർത്താനും നമുക്ക് കൂട്ടായി പ്രവർത്തിക്കാം.



# ആശംസ

ഇന്ന്  ലോകം മുഴുവൻ സാങ്കേതികവിദ്യയുടെ കരുത്തോടെ മുന്നേറിക്കൊണ്ടിരിക്കുകയാണ് സാങ്കേതികവിദ്യയുടെ സഹായത്തോടെ നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ ലേഖനങ്ങളും കവിതകളും കഥകളും ഓർത്തിണക്കി സമ്പന്നമായ ഒരു സൃഷ്ടി ഉണ്ടാവുക എന്നത് ഏറെ സന്തോഷകരമായ ഒന്നാണ് .ലിററിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നമ്മുടെ സ്ക്കുളിലെ  കുട്ടികളുടെ സർഗ്ഗാത്മകവും സാങ്കേതികവുമായ നൈപുണ്യം ഉപയോഗിച്ച് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.




ഹെഡ്മാസ്റ്റർ

**സുനിൽകുമാർ കെ**

# താളുകൾ മറിക്കുമ്പോൾ

കവിതകൾ
കഥകൾ
ചിത്രങ്ങൾ
ലേഖനങ്ങൾ
കാർട്ടൂൺ
കലാമേളയിലൂടെ
S P C
N C C
Little kites
Karate






# Little Kites

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഹൈടെക് പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഇവ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ ഉപയോഗത്തിനും പരിപാലനത്തിനുമായി അധ്യാപകരോടൊപ്പം വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന ഐടി ക്ലബ്, ഹൈസ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവ സംയോജിപ്പിച്ച് ലിറ്റിൽ കൈറ്റ്സ് സ്കൂളുകളിൽ പ്രവർത്തനമാരംഭിച്ചു Littil kites ൽ അംഗത്വം ലഭിച്ച കുട്ടികൾക്ക് robotics ,animation,mobile app നിർമ്മാണം ,graphic designing,Malayalam computing,hardware electronics, സുരക്ഷ എന്നിവയിൽ പ്രാവീണ്യം ലഭിക്കുന്നതാണ്. ഇതിലൂടെ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ലോകത്തേക്ക് കുട്ടികൾക്ക് അവരുടെ ചുവടു ഉറപ്പിക്കാൻ കഴിയും.





# നൊമ്പരം

കാറ്റായ് വന്നു നീ എന്നെയും
തണുപ്പിച്ചു പോയി ഉള്ളിലൊരു തരി
നൊമ്പരം തന്നു നീയെൻ ഉള്ളവും
കൊണ്ടു പോയി ആവുന്നോളം
കാത്തിരിപ്പു നിനക്കായ്
ഉള്ളിലൊരു തരി സ്നേഹം
ബാക്കി വെച്ചുകൊണ്ട് ഇന്നെൻ മനസിലെ
നൊമ്പരത്തെ അറിയാതെ പോയ് നീ
പ്രകടമാക്കാൻ കഴിയുന്നിടത്തോളം
ഞാൻനിന്നെ അറിയിച്ചു അറിഞ്ഞിട്ടും
അറിയാത്ത ഭാവം നടിച്ചു. ഉള്ളിലെ
കനലു കെടുത്തികൊണ്ടു ഞാൻ
നിന്നെ വെറുക്കുന്നു മറക്കാനാകില്ലൊരിക്കലും
അതിനാൽ ഞാൻ നിന്നെ വെറുക്കുന്നു
വെറുത്തിട്ടും നീയെന്നിൽ നിന്ന് അകലുന്നില്ല
മരണം മാത്രം എൻ മുന്നിൽ നിൻമുഖം മായാൻ

– അശ്വതി കെ.ടി


നയന

# A SINGLE LONELY DROP

Iam the sunflower
among the roses
with the smell of
jasmine

Am i an outcast
or am i just
diffrent
But i knew it

I was laughing
dancing,singing
But for others
iam a statue
with eyes and hands

Every one has someone
around themself
and i only have air
around me or is
it my aura

I forgot how
to smile or smell
i feel like iam
not breathing
but iam

At once i got that
yeah,iam the outcast
Iam actually that
sunflower
Iam the solitude

Even i tried to
cry there was only
a single lonely drop
a single lonely drop

Everyone has someone
to hold on their hand
but i only have
mine, the pairs

Then i saw the rain
it is also alone
But he is beautiful
pretty and enjoyable

But different from me
cause i only have one drop
and he have millions,but
still he is not an outcast

And i began to realise
that iam not lonely
iam not an outcast
iam different and iam
someone with air as my aura

When everyone found their
euphoria on others i found
it on myself
yes, iam the sunflower
among those roses
with a smell of jasmine

Iam not lonely, Iam unique
If iam lonely, what about
the rain then, But still
for him. Iam someone with
a single lonely drop
a single lonely drop

- Chanchal  Sagar

# രക്തം

രക്തത്തെ തിരിച്ചറിയാത്ത രക്തം
രക്തത്തിലെ കാമം തേടി പോകുന്നു
രക്തത്തിൽ കളങ്കപ്പെട്ട
രക്തത്തെ രക്തം കൊണ്ടുതന്നെ
ശുദ്ധീകരിക്കണം

– അശ്വതി കെ . ടി





**BALASANKAR**

# IISF

ഏഷ്യയിലെ ഏറ്റവും വലിയ രാജ്യാന്തര ശാസ്ത്രമേളയായ ഇന്ത്യ ഇന്റർനാഷണൽ സയൻസ് ഫെസ്റ്റിവലിൽ (IISF) തുടർച്ചയായി മൂന്ന് വർഷം സ്കൂളിന്റെ സാന്നിധ്യം ഉണ്ടായി . മേളയിൽ സജീവമായി പങ്കെടുക്കുകയും സ്ക്കൂളിന്റെ മികച്ച പ്രകടനത്തിന് പ്രശംസ പിടിച്ച് പറ്റുകയും ചെയ്തു.




2017ൽ ചെന്നൈയിൽ നടന്ന സയൻസ് ഫെസ്റ്റ് വെല്ലിൽ പങ്കെടുത്ത അദ്ധ്യാപരും വിദ്യാർത്ഥികളും. ഫെസ്റ്റ് വെൽ Dr. Harsh Vardhan( union minister for Science and Technology), ഉദ്ഘാടനം ചെയ്തു.




2018ൽ ലഖ്നോയിൽ പങ്കെടുത്ത അദ്ധ്യാപരും വിദ്യാർത്ഥികളും.ഫെസ്റ്റ് അന്നത്തെ രാഷ്ട്രപതിയായിരുന്ന Ramnath Kovindഉദ്ഘാടനം ചെയ്തു.



2019ൽ കൊൽക്കത്തയിൽ നടന്ന സയൻസ് ഫെസറ്റിൽ പങ്കെടുത്ത അദ്ധ്യാപകരും വിദ്യാർത്ഥികളും. ഫെസ്റ്റ് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.



കേരള പോലീസ് SPC യൂണിറ്റ് ലഹരിക്ക് എതിരെ സംസ്ഥാന തലത്തിൽ നടത്തിയ റീൽസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പൊയിൽക്കാവ് ഹൈസ്കൂളിലെ കൃഷ്ണ, വേദ, ജുവല്യ,എന്നിവർ




കേരള പോലീസ് SPC യൂണിറ്റ് ലഹരിക്ക് എതിരെ സംസ്ഥാന തലത്തിൽ നടത്തിയ പോസ്റ്റർ നിർമ്മാണത്തിൽ ഒന്നാം സ്ഥാനം നേടിയ നിഹാരിക രാജ്





# SCHOOL KARATE TEAM

# 1ST YEAR NCC TROOP



# 2ND YEAR NCC TROOP



# കലോത്സവങ്ങളിലൂടെ














"ചേലോടെ ചെങ്ങോട്ട്കാവ് ചേലുള്ള വിദ്യാലയം" പദ്ധതി കെ ടി രാധാകൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.



നയന

# ഏകാന്ത രാത്രികൾ

പുലരിയുടെ ചെപ്പുകൾ
പൂത്തുതളിർക്കുമ്പോൾ
ജാലകപഴുതിലൂടെന്റെ കാനന
 വിസമയഭ്രൂഷിതങ്ങൾ തഥാ
 താളുകൾ മെല്ലെ തുറന്നി ടുന്നു.
. ചങ്ങാതിയുണ്ടെങ്കിൽ കണ്ണാടി
 വേണ്ടെന്നെഴുതി പഠിച്ചൊരു
 കാലമുണ്ടേ..... ചാത്തന്മാർ
 കാട്ടിൽ കളിക്കുവാൻ എന്നെയും
കൊണ്ടങ്ങു പോയിടുമ്പോൾ
തിത്തിക തിമിയേ ചെറു
മാൻപേടകൾ പേടിച്ചു
 കൂട്ടിലൊളിച്ചിടുന്നു.
കൂട്ടരുമായുള്ള കൂട്ടുവളർച്ചകൾ
നീട്ടി വിരിച്ചങ്ങു പോയിടുമ്പോൾ
കിട്ടിയതൊന്നും മതിയായില്ലെന്നു
കണ്ടനേയുള്ളത്തിതൊന്നു സൗഖ്യം
രാവേറെയായല്ലോ നാം
ഇങ്ങനെയിങ്ങനെ
തെന്നനം തേടിടുന്നു
നീറ്റലാം ഉഷ്ണത്തിൽ
 നാവു വരളുണു, കാലു
 കടയുന്നു തിത്തിമി തെയ്!
മാമ്പഴമാധുര്യം കൊണ്ടതറിയുന്നേ
കൂട്ടരുമായുള്ള കൂട്ടുവളർച്ചയ്ക്ക്
അന്ത്യം കുറിക്കുവാനായിടുന്നു.
ചാത്തനും ചീറ്റയും റാറ്റയും
 കൂടെയേ പോയിരുന്നു
ചെറ്റകുടിലിലെ ചേർത്തെഴുമാടങ്ങൾ
ഒറ്റയാം ഞാനും .. ചെറു വെട്ടവും,
മാലറ്റ പോകുമെൻ
 സന്ധ്യയിൽ ഞാനങ്ങു
കുളിർനിലാവിന് വരവറിഞ്ഞു

പുണ്യ

# നക്ഷത്രത്തെ അറിയാൻ ഒരു കോൾ

ജാൻവി അന്നുമുഴുവൻ വിഷമിച്ചു. തന്റെ പരിപാടിയിൽ അവൾക്ക് എ ഗ്രേഡ് കിട്ടിയില്ലായിരുന്നു.അവൾ മൂഡോഫായതിനു പ്രധാന കാരണം അവളുടെ കൂട്ടുകാരാണ്.അവർ അവളെ കളിയാക്കി. അത് അവളുടെ മനസ്സിൽ കൊണ്ടു. അവൾ പ്രൊഫഷണലായ മരം കേറ്റത്തിൽ മിടുക്കിയായിരുന്നു. അവൾ തന്റെ വിഷമങ്ങൾ പങ്ക് വെക്കുക മതിലിന് അപ്പുറത്തുള്ള വിശാലമായ വയലിനോടാണ്.



പലതരം വിളകൾ നിറഞ്ഞു നിൽക്കുന്ന ആവയലിന്റെ പേര് 'ഞാവേറ' എന്നായിരുന്നു. അവൾ അവിടെ ഒത്തുകൂടിയിരുന്ന മരം കൊത്തിയോടും വണ്ണാത്തിപുള്ളിനോട് പറഞ്ഞു "ഇന്ന് ഞാൻ എന്നെ മനസ്സിലാക്കി എങ്ങനെ ഈ സമൂഹത്തിനോട് പെരുമാറണമെന്നു മനസ്സിലാക്കി."ഈ ദിവസം ഞാൻ മറക്കുകയില്ല ട്ടോ" ഇത് കേട്ട് അവർക്കെന്ത് മനസ്സിലാകാൻ, അവർക്ക് അവരുടെ ഭാഷയെല്ലേ അറിയുകയുള്ളൂ.അവൾക്ക് മനസ്സിന് ശാന്തികിട്ടും തന്റെ പ്രയാസങ്ങൾ തുറന്നു പറയുമ്പോൾ ആർക്കും ഉണ്ടാകുന്ന സുഖം. അത് അവൾക്കും ഉണ്ടായി. അച്ഛൻ പറഞ്ഞു ജാനു പോയി നാമം ജപിക്കു, സന്ധ്യയായി. ജാൻവി പ്രാർഥിക്കാൻ പോയി. എന്നിട്ടോ, അവൾ കുട്ടിയല്ലേ അവൾ കുട്ടികളുടെ സ്വഭാവം കാണിക്കുകയില്ലേ അവൾ അവളെ കളിയാക്കിയവർക്ക് കിട്ടരുതേ എന്ന് പ്രാർത്ഥിച്ചു. പക്ഷേ ആർക്കും വിധിയെ തടുക്കാൻ ആവില്ലല്ലോ വിധി അതിന്റെ പാട്ടിനു പോയി. അവൾ പറഞ്ഞതൊന്നും കാര്യമാക്കിയില്ല. അവൾ വീണ്ടും ദുഖിച്ചു;പക്ഷേ അവളെ സന്തോഷം തേടിയെത്തി. അവൾ മുറ്റത്ത് രാത്രി കറങ്ങി നടക്കുമ്പോൾ ആകാശത്തുകൂടി ഒരു വിമാനം പോകുന്നത് ശ്രദ്ധയിൽപ്പെട്ടു. ചുവപ്പും നീലയും നിറങ്ങൾ മിന്നി മിന്നി കത്തുന്നു. അപ്പോഴാണ് അവളുടെ ശ്രദ്ധയിൽ ആകാശത്തുള്ള ഒരു നക്ഷത്രം കണ്ണിൽപെട്ടത്. അതിൽ ഒരു പ്രത്യേകത അവൾക്ക് തോന്നി.അപ്പോൾ തന്നെ അവൾ ചേച്ചിയുടെ മൊബൈൽ ഫോൺ എടുത്തു കൊണ്ട് വന്ന് ഗൂഗിളിൽ നോക്കി.

അങ്ങനെ ആ നക്ഷത്രത്തെ കുറിച്ചറിയാൻ അവൾ ശ്രമിച്ചു. L S S പരീക്ഷ എഴുതിയതിനാൽ അവൾക്ക് നക്ഷത്ര സമൂഹത്തെ കുറിച്ച് അറിവ് ലഭിച്ചിരുന്നു. അതിലൂടെ INDIAN SPACE RESEARCH INSTITUTE "I S R O" ആണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു.അവൾ തന്റെ അധ്യാപകനെ വിളിച്ച് തിരക്കി പക്ഷേ അവൾക്ക് പുതുതായി ഒരു വിവരവും ലഭിച്ചില്ല. അതിനു ശേഷം അവൾ തൻറെ ലൈബ്രറി യിലെ ബുക്കുകളിലിൽ എല്ലാം പരതി.പെട്ടന്ന് അവൾക്ക് ഒരു ആശയം തോന്നി .വളരെ പേടിയോടെ ആണെങ്കിലും ISRO യുമായി ബന്ധപ്പെട്ട സംശയ നിവാരണം നടത്താൻ അവൾ തീരുമാനിച്ചു. ISRO യിലേക്ക് വിളിക്കുന്ന നമ്പർ ഗൂഗിളിൽ നിന്ന്കണ്ടു പിടിച്ച് അവൾ കോൾ ചെയ്തു.അപ്രതീക്ഷിതമായി ആ കോൾ അവർ എടുത്തു. അവൾക്ക് ഭാഗ്യം ഉണ്ടായിരുന്നു. ഡ്യൂട്ടി മാറുന്ന സമയത്താണ് അവൾ വിളിക്കുന്നത്. അതുകൊണ്ട് ഒരു മലയാളി സയന്റിസ്റ്റ് ആണ് ആ കോൾ എടുത്തത്. അവൾ പേടിച്ചിട്ട് അറിയാവുന്നത് ഇംഗ്ലീഷിൽ പറഞ്ഞു. "Hello is't ISRO ? Iam Janvi from Kerala, Kozhikode, Payyoli" I have a doubt about today's star can you clear it ? കോൾ അറ്റൻഡ് ചെയ്ത ആൾക്ക് ഇതാദ്യമായിട്ടാണ് ഇങ്ങനെ ഒരവസരം. സയന്റിസ്റ്റ് പറഞ്ഞു: ഹലോ ! Yes , ok. So what is your doubt ? അയാൾ പറഞ്ഞു അവൾ പേടിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു : "which is the star blinks red and green in the sky" അയാൾ പറഞ്ഞു "Mam please hold ! One minute" അവൾ പറഞ്ഞു'ok'.

അയാൾ അപ്പോഴാണത് ശ്രദ്ധിക്കുന്നത്. അയാൾ വേഗം തന്നെ മുതിർന്ന സയന്റിസ്റ്റിനെ വിളിച്ചുകൊണ്ടുവന്നു പറഞ്ഞു "സർ ഇതു നോക്കു, സർ പറഞ്ഞു "വരു എല്ലാവരും ഇതെന്താ എന്നു നോക്കു."അപരിചിതമായ ഉൽക്ക നമുക്ക് നേരെയോ?വേഗം നാസയേയും മറ്റു സ്ഥാപനങ്ങളെയും വിളിച്ചറിയിക്കു.



അങ്ങനെ അതവർ കണ്ടുപിടിച്ചു. അത് ഒരു തീഗോളമായിരുന്നു. അത് യൂറോപ്പിന് നേരെ വരുന്നതായിരുന്നു. അങ്ങനെ 24 മണിക്കൂറിനുള്ളിൽ ആ ഉൽക്കയെ മിസൈൽ വെച്ചു തകർത്തു.ഇതറിയിച്ച ആളെക്കുറിച്ചും സ്ഥലത്തെക്കറിച്ചും മലയാളി സയന്റിസ്റ്റ് മുതിർന്ന സയന്റിസ്റ്റിനോട് പറഞ്ഞിരുന്നു. അപ്പോഴേക്കും അവൾ കോൾ കട്ട് ചെയ്ത്ഉറങ്ങാൻ തുടങ്ങിയിരുന്നു. മീഡിയ ഇതിനെക്കുറിച്ച് അറിയാത്തതിനാൽ അവളുടെ വീട്ടിൽ ജനക്കൂട്ടം കുറവായിരുന്നു. പിന്നെ അവർ ഇതിനെക്കുറിച്ചെല്ലാം വിശദമായി മീഡിയക്ക് റിപ്പോർട്ട് കൊടുത്തു. അവൾ അങ്ങനെ നാടുമുഴുവൻ പ്രശസ്തയായി . പക്ഷേ അവളും വീട്ടുകാരും മാത്രം അറിഞ്ഞില്ല. പിന്നെ ടി വി യിലൂടെ ഇതെല്ലാം അവർ അറിഞ്ഞു.

ജാൻവിയും വീട്ടുകാരും തരിച്ചു പോയി. ജാൻവി എന്താണിത് ഇത് നീ അല്ലേ ?അമ്മ ചോദിച്ചു "നീ എപ്പോഴാണ് കോൾ ചെയ്ത് ത് ? "അച്ഛൻ ചോദിച്ചു. " നീ ഇപ്പോൾ ഇന്ത്യയുടെ അഭിമാനമാണ് " ചേച്ചി പറഞ്ഞു. പക്ഷെ ജാൻവി ഇതിനൊന്നും ഉത്തരം നകിയില്ല. പുറത്ത് മതിലിനടുത്തു പോയി പക്ഷി മൃഗാദികളോട് സംസാരിച്ചു. അവൾ വിചാരിച്ചിട്ടേയില്ല താൻ കാണിച്ച ബുദ്ധിമോശം ഭൂമിയിലെ ഒരു വിഭാഗത്തിന്റെ ജീവൻ രക്ഷിക്കുമെന്ന്. അവൾ അവളിൽ തന്നെ അഭിമാനം കൊണ്ടു. അവളെ ലോകം പ്രശംസിച്ചു അവൾക്ക് സമ്മാന തുകയും ലഭിച്ചു.



# ഒരുമ

ഈ കഥ നടക്കുന്നത് വളരെ ദൂരെയുള്ള കാട്ടിലാണ് ആ കാട്ടിൽ എല്ലാ മൃഗങ്ങളും സന്തോഷമായി കഴിഞ്ഞിരുന്നു. പെട്ടെന്ന് ഒരുദിവസം ആ കാട്ടിലെ കുഞ്ഞുമുയലിനെ കാണാതായി. എല്ലായിടത്തും തിരഞ്ഞു.


ഒടുവിൽ കുഞ്ഞുമുയലിന്റേത് എന്ന് തോന്നിപ്പിക്കുന്ന ഒരു ചെവി കണ്ടെത്തി.ഇല ചെടിയിൽ നിന്നും ഞെട്ടറ്റ് വീണതുപോലെ കാട്ടിൽ നിന്നും ചെവി കിട്ടി. കുഞ്ഞു മുയൽ മരണപ്പെട്ടിരിക്കുന്നു. അമ്മ മുയൽ പൊട്ടിക്കരഞ്ഞു. ശീലു മാൻ കാര്യം ശേറു കുറക്കനെ അറിയിച്ചു. ആ കാട്ടിൽ എന്ത് പ്രശ്നമുണ്ടായാലും അത് ആദ്യം അറിയിക്കുന്നത് ശേറുവിനെയാണ്, അവരുടെ നേതാവിനെ. ഇതാദ്യത്തെ സംഭവമല്ല. രണ്ടു ദിവസം മുമ്പ് ഒരു മാനിനെയും രണ്ട് കാടൻ പൂച്ചയേയും കാണാതായിട്ടുണ്ട് ശേറുവിന് ഒന്നും മനസ്സിലായില്ല.ആ കാട്ടിൽ ഇങ്ങനെയൊക്കെ ഇതാദ്യമായാണ്.

ഒരുദിവസം വിക്രു മാൻ പാടത്ത് നിന്ന് പുല്ല് തിന്ന് കൊണ്ടിരിക്കുമ്പോൾ ഒരു ഭീമൻ സിംഹം ചുഴലി കാറ്റ് പോലെ ചാടി വീണു.വിക്രുമാൻ ജീവനും കൊണ്ട് ഓടി. ഒരിടത്ത് ഒളിച്ചിരുന്നു.പിറ്റേന്ന് കാട് മുഴുവൻ കാര്യം പാട്ടായി.ഇനി ഈ സിംഹത്തെ കാട്ടിൽ വിലസാൻഅനുവദിക്കരുത്. ശേറു തീരുമാനിച്ചു. ആ സിംഹത്തെ ഇവിടെ നിന്നു ഓടിക്കണം. ശേറു തല പുകഞ്ഞ് ആലോചിച്ചു. ഒടവിൽ ഒരു സൂത്രം ലഭിച്ചു.വലിയൊരു വല വിരിച്ചു ആ സിംഹത്തെ കാത്തിരുന്നു. വിക്രു മാൻ പുല്ല് തിന്ന് പാടത്ത് നിന്നു. വിക്രുവിന്റെ അടുക്കൽ പാഞ്ഞെത്തിയ സിംഹം. വലയിൽ കുടുങ്ങി. ആ കാട്ടിലെ മൃഗങ്ങൾ ശേറുവിൻ്റെ നേതൃത്വത്തിൽ അവനെ കാടുകടത്തി.

സാരാംശം : – ഒത്തുപിടിച്ചാൽ മലയും പോരും.

നഷ് വ ആയത്ത്


Huddha



# പ്രകൃതി ഭംഗി

ഞാൻ കണ്ടെയീ പക്ഷി
രത്നമെന്നറിയില്ല
ഞാൻ കേട്ടയീരാഗം
അനുരാഗമാണെന്നോ
ഞാൻകണ്ടയീമരം
വരമാണോ ഭഗവാനേ
ആ പോയവർണ്ണിനി
ഏതെന്നറിയറിയാമോ
പൂമ്പാറ്റ പെണ്ണിന്റെ
അഴകൊന്നറിയാമോ
സുഗന്ധമെന്നാൽ അത് പുഷ്പമെന്നറിയില്ലെ
ഈ കാറ്റുസൃഷ്ടിച്ച
മഹാനായ ദൈവമേ
ഒരായിരം നന്ദികൾ
അർപ്പിക്കുന്നു യീ ഞാൻ

**സിയോന സുരേഷ്**



# LK 2022 - 2025 BATCH



***LITTLE KITES 2023 - 26 BATCH IN NEW STYLE***



# അമ്മതൻ താരാട്ട്

എൻ വീട്ടുമുറ്റത്ത് നിൽക്കെ
കേൾക്കുന്നു ഞാനൊരു ദേവഗാനം
എന്റെ മനസ്സിലെ അഴുക്കുകൾ
കഴുകിയ ദേവഗാനം
സത്യത്തിന്റെ വഴിക്ക്
എന്നെ നയിച്ച ദേവഗാനം
ഞാൻ തെറ്റുചെയ്താൽ
അതിൽ നിന്നുംഎന്നെ
പിന്തിരിപ്പിക്കും ഗാനം
മധുരമൂറുന്ന ഈ ഗാനം
അമ്മ തൻ സ്നേഹഗാനം

– സിയോന സുരേഷ്




നിഹാരികാ രാജ്



# തേൻമാവ്

തേൻമാവ് നോക്കിയിരിപ്പാണുണ്ണി
തേൻമാവ് പൂക്കാൻ കാത്തിരിപ്പുണ്ണി
ദിനം പ്രതിയുണ്ണിപോയി നോക്കുന്നു തേന്മാവ്
വെള്ളവും ആവോളം നൽകുമല്ലോ
എന്നിട്ടും തേൻമാവ് പൂത്തതില്ല
ആലോചനയിൽ മുഴുകിയുണ്ണി
എന്തേ എന്നുടെ തേന്മാവ് പൂക്കാത്തത്
ഒരു കുഞ്ഞുപൂവുപോലും വിരിയാത്തതെന്തേ
നാളുകളേറെ കടന്നുപോയ്
ഉണ്ണിയോ നന്നേ വളർന്നുപോയ്
എന്നിട്ടും തേൻമാവ് പൂത്തതില്ല
കണ്ണീർ മഴയിൽ നനഞ്ഞു ഉണ്ണി
വിഷമിച്ച നിൽക്കെ
മെല്ലെയുണ്ണി
നിദ്രതൻ മയക്കത്തിൽ ആഴ്ന്നുണ്ണി
ഏഴരനാഴിക പിന്നിട്ടുവല്ലോ
ഉണ്ണിയോ മെല്ലെ കൺതുറന്നു
തേൻമാവ് നോക്കുവാൻ
ഓടിയുണ്ണി
അത്ഭുതക്കടലിൽ തിരമാലകൾ
ഉണ്ണിയെ മുഴുവനായി കവർന്നുപോയി
ഉണ്ണിതൻ ആഗ്രഹം സഫലമായി
ഉണ്ണിതൻ തേന്മാവ് പൂത്തുവല്ലോ
ഉണ്ണിതൻ തേന്മാവ് പൂത്തുവല്ലോ

– സിയോന സുരേഷ്



നയന

# ഓർമ്മയ്ക്കായി


എന്നെ വിട്ടുപോവല്ലേ
എൻമകളെ
എന്നെ തനിച്ചാക്കി പോവരുതേ
നീയില്ലാ ജീവിതം മരണതുല്യം
എൻ പ്രാണൻ നീയല്ലോ
എൻ ജീവൻ നീയല്ലോ
മായ്ക്കുവാൻ ആകില്ല നിൻമുഖം ഓമനേ
കുസൃതികൾ കാണിച്ച്
എന്നെ കളിപ്പിക്കും
വികൃതികൾ കാണിച്ച് എന്നെ ചൊടിപ്പിക്കും
എങ്കിലും എൻമകൾ
എന്റെ പൊന്നോമന
കണ്ടുകൊതിയത്തു തീരുമ്പോഴേക്കും
കൊണ്ടുപോയല്ലോ നീയെൻ ഓമനയെ
ഈ ക്രൂരത എന്തിനാണ്
എന്നോട് ദൈവമേ
എന്തുപാപം ചെയ്തു
ഇതിനോളം ദൈവമേ
ഒരു വട്ടം കൂടിയാ പൊൻമുഖം കാണുവാൻ
എത്ര കൊതിച്ചന്റെ പൊന്നോമനേ
ഓർമ്മയിൽ നീയല്ലോ
കാറ്റിലും നീയല്ലേ
മറക്കുവാനാവില്ല
നിന്നെയെൻ ഓമനേ

–സിയോനസുരേഷ്




POILKAVE HSS
ലഹരി വിരുദ്ധ
ഓപ്പൺ കേൻവാസ്
PIGMENT ART CLUB


STATE BOXING
CHAMPIONSHIP
MUHAMMED IRFAN
Gold Medal
Congratulations
POILKAVE HSS



# വൃദ്ധാസദനം

ഞാൻ കണ്ട ഈയിടം
ഏതെന്നറിയാമോ
നൂറോളം അമ്മമാർ
വസിക്കുന്ന ഈയിടം
മാതൃത്വം അടിച്ചമർത്തപ്പെടും
ഈയിടം
ഏതെന്നറിയാമോ
തന്നെ വളർത്തിവലുതാക്കുന്നമ്മയെ
കൊണ്ടേയിടുന്ന തടവറ
ഈയിടം........
തന്നെ വളർത്തിവലുതാക്കിയതിന്
സമ്മാനമാണോ
ഈ തടവറ
ഈവൃദ്ധാസദനം

–സിയോന സുരേഷ്

# നമ്മുടെ സൂര്യൻ

സൗരയൂഥത്തില ജീവസാനിധ്യമുള്ള അ ഒരുഗ്രഹമാണ് ഭൂമി, ഈ ഭൂമിയുടെ ഊർജ സ്രോതസ്സാണ് നമ്മുടെ സൂര്യൻ. സൂര്യനും ഭൂമിയുൾപ്പെടെ ഗ്രഹങ്ങളും ആകാശ ഗംഗ എന്ന നക്ഷത്ര കൂട്ടത്തിൽ സ്ഥിതിചെയ്യുന്നു.



ഇത്തരം നിരവധി ഗ്യാലക്സികൾ പ്രപഞ്ചത്തിലുണ്ട്. ആ ഗ്യാലക്സികളിലെല്ലാംതന്നെ നക്ഷത്രങ്ങളുടെ ജനനവും മരണവും നടക്കുന്നുണ്ട്. ഇനി നമുക്ക് സൂര്യനിലെ ഊർജോത്പാദനം എങ്ങനെയെന്നു നോക്കാം . ലോക ത്തുള്ള മിക്ക എല്ലാ സംസ്കാരങ്ങളിലും ഗോത്രങ്ങളിലും സൂര്യനെ ആരാധിച്ചിരുന്നു. സൂര്യനാൽ അവർക്കുണ്ടാകുന്ന ഗുണങ്ങളാലാണിത്. സൂര്യനെനേരിട്ടുനോക്കുന്നതും ദൂരദർശിനികളാൽ നോക്കുന്നതും അപകടകരമാണെന്ന് നിങ്ങൾക്ക്അറിയാമെല്ലോ. നാം ഗ്രഹണ സമയത്തും ചിലപ്പോൾ അല്ലാതെയും സൂര്യനെ സൂര്യദർശിനി കളാലും മറ്റ വഴികളാലുമാണ് ദർശിക്കാറ് . ആദ്യം സൂര്യൻ്റെ ഒരുപ്രത്യേകത പറയാം . സൂര്യബിംബത്തിൽ ആദ്യമായി കണ്ടുപിടിക്കപ്പെട്ട പ്രത്യേകതഅവിടെത്തെ ഇരുണ്ട പാട്ടുകളാണ് അഥവ സൗരകളങ്കങ്ങളാണ്. ഇവയ്ക്ക് വലുപ്പവെത്യാസം സംഭവിക്കാറുണ്ട്.

ഇത് നമ്മുടെ ഭൂമിയുടെ കാലാവസ്ഥയെ, ഭൗമകാന്തികമണ്ഡലത്തെ, റേഡിയോ പ്രക്ഷേപണത്തെ സാറ്റലൈറ്റ് (പ്രവർത്തനങ്ങളെയൊക്കെ സാരമായി ബാധിക്കാറുണ്ട്. സൂര്യൻ്റെയും മറ്റ നക്ഷത്രങ്ങളുടെയും ഊർജഉറവിടം അവിടെ നടക്കുന്ന ന്യൂക്ലിയർ പ്രവർത്തനങ്ങളുടെ ഹൃദ്യതയോടെ പറഞ്ഞാൽ ന്യൂക്ലിയാർ ഫ്യൂഷൻ്റെ അനന്തരഫലമാണ്. ന്യൂക്ലിയാർ ഊർജ്ജം രണ്ടുതരത്തിൽ പുറത്തുവരാം ന്യൂക്ലിയാർ ഫിഷനിലൂടെയും ന്യൂക്ലിയാർ ഫ്യൂഷനിലൂടെയും ഭാരം കൂടിയ ന്യൂക്ലിയസ്സിനെ അനുയോജ്യകണങ്ങൾ കൊണ്ടിടിച്ച് അവയെ പിളർത്തുന്നരീതിയാണ് ന്യൂക്ലിയർ ഫിഷൻ. ഈ രീതിയാൽ നാം നിർമ്മിച്ച മാരകായുധമാണ് ആറ്റം ബോംബ്. ഭാരം കുറഞ്ഞ ഒന്നിലധികം ന്യൂക്ലിയസ്സുകളെ സംയോജിപ്പിച്ചുകൊണ്ട് ഭാരം കൂടിയൊരു ന്യൂക്ലിയസാകുന്ന പ്രവർത്തനമാണ് ന്യൂക്ലിയർ ഫ്യൂഷൻ. ഇവിടെ ഭീമമായ അളവിൽ ഉർജ്ജം പുറത്തുവരും, എങ്ങനെയെന്നു നോക്കാം പ്രവർത്തനത്തിന് മുൻപുണ്ടായിരുന്ന ദ്രവ്യത്തേക്കാൾ ശരിക്കുപറഞ്ഞാൽ ദ്രവ്യപിണ്ഡത്തെക്കാൾ കുറവായിരിക്കും പ്രവർത്തന ശേഷമുള്ള പിണ്ഡം ദ്രവ്യസംരക്ഷണ നിയമ പ്രകാരം ഇത് സംഭവിക്കാൻ പാടില്ല. ഇവിടെയാണ് ആൽബർട്ട്ഐൻസ്റ്റിൻ്റെ വിഖ്യാതമായ സമ വാക്യം $E = mc^2$

(E=ഊർജ്ജം, m= പിണ്ഡം, c= പ്രകാശ വേഗത) ശാസ്ത്രലോകത്തെ സഹായിച്ചത് നഷ്ടപ്പെട്ടുപോയ ദ്രവ്യം ഊർജ്ജമായി മാറ്റപ്പെടുകയായിരുന്നുവെന്ന് ശാസ്ത്ര തിരിച്ചറിഞ്ഞു. അങ്ങനെ ദ്രവ്യസംരക്ഷണനിയമവും, ഉദർജസംരക്ഷണ നിയമവും ശരിയാവുകയും ചെയ്തു. ഉദാഹരണത്തിന് ന്യൂക്ലിയാർ ഫ്യൂഷനിൽ 1kg ദ്രവ്യം നഷ്ട്ടപ്പെട്ടെന്ന് കരുതുക. ഇത് ഊർജ്ജമായി മറിയാൽ എത്രയുണ്ടാകും $E=mc^2$

M= 1kg

c=3X108 m/s

$E=9x10^{16}$ jule

=9000000000000000 jule

സൂര്യനടക്കമുള്ള നക്ഷത്രങ്ങളിൽ ഹൈഡ്രജൻ ന്യൂക്ലിയസ്സുകൾ ചേർന്ന് ഹീലിയം ന്യൂക്ലിയസായി മാറുന്ന ഫ്യൂഷൻ (പ്രവർത്തനം നടന്നിട്ടാണ് ഊർജോത്പാദനം നടക്കുന്നത്. ഏകദേശം 500 കോടി വർഷം മുൻപ് രൂപപ്പെട്ടസൂര്യനിൽ ഇനിയും 500 കോടി വർഷങ്ങൾ ഉർജ്ജമുത്പാദി- പ്പിക്കാനുള്ള ഇന്ധനം ഉള്ളതായി ശാസ്ത്രലോകം തിരിച്ചറിയുന്നു.

നവതേജ്



ലിറ്റിൽ കൈറ്റ്സ് അംഗമായ സിയോന സുരേഷ് N M M S E വിജയിക്കുള്ള ഉപഹാരം സ്വീകരിക്കുന്നു

# രണ്ട് പതിറ്റാണ്ടിന്റെ വിജയം

ഹൈസ്ക്കൂൾ സംസ്കൃത നാടകത്തിൽ രണ്ട് പതിറ്റാണ്ട് പിന്നിട്ട വിജയ യാത്ര തുടരുകയാണ് പൊയിൽക്കാവ് ഹയർ സെക്കന്ററി സ്ക്കൂൾ. കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം അരങ്ങിൽ എത്തിച്ച് സംസ്ഥാനത്തേക്ക് . 23 വർഷമായി സംവിധാന രംഗത്തുള്ള എം കെ സുരേഷ്ബാബു മാസ്റ്റർക്കും ഇത് അഭിമാന നേട്ടമാണ്.





ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ കൻമന ശ്രീധരൻ മാസ്റ്ററോടൊപ്പം

# MAGAZINE
# EDITORIAL BOARD

വിദ്യാർത്ഥികളുടെ തൂലികയാൽ അടർന്നുവീണ അക്ഷരങ്ങൾ കൂട്ടിച്ചേർത്തപ്പോൾ ഉണ്ടായ മനോഹരമായ ഭാവന സൃഷ്ടികൾ. ആ സർഗാത്മക സൃഷ്ടികളെ ഡിജിറ്റൽ സാങ്കേതികവിദ്യയുമായി കോർത്തിണക്കിയപ്പോൾ ഉണ്ടായ വാതായനത്തിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം

അക്ഷര വെളിച്ചത്തിന്റെ പ്രകാശത്തിലൂടെയും സൗഹൃദ വലയങ്ങളിലൂടെയും നമ്മുടെ കുട്ടികളുടെ മനസ്സുകൾ എന്നും ധന്യമായിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഡിജിറ്റൽ സർഗ്ഗസൃഷ്ടി സർവർക്കുമായി സമർപ്പിക്കുന്നു.

ഒത്തിരിസ്നേഹത്തോടെ.................

